


# വിശ്വസ്തതയിലേയ്ക്കുള്ള ക്ഷണം

മത്തായി 21: 33 – 44 Vol. 11, Issue: 45

ബ്ര. മനു അഞ്ചിൽച്ചിറ MCBS

**മി**ശിഹായിൽ ഏറെ സ്നേഹം നിറഞ്ഞവരേ,

മനനത്തിന്റെയും തിരിച്ചറിവുകളുടെയും ജീവിത നവീകരണത്തിന്റെയും പാതയിലൂടെ ജീവിതത്തെ വിശുദ്ധീകരിക്കാൻ ആവശ്യപ്പെടുന്ന നോമ്പുകാലത്തിലെ നാലാമത്തെ ഞായറാഴ്ചയിൽ തിരുസഭാമാതാവ് വിചിന്തനത്തിനായി നൽകിയിരിക്കുന്ന വചനഭാഗം വി. മത്തായിയുടെ സുവിശേഷം 21–ാം അദ്ധ്യായം 33 മുതൽ 44 വരെയുള്ള വചനങ്ങളാണ് – മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ.

ഓരോ യഹൂദന്റെയും മനസ്സിൽ പച്ചകെടാതെ നിലകൊള്ളുന്ന, 'കർത്താവിന്റെ മുന്തിരിത്തോട്ടം' എന്ന അതിപുരാതനമായ സങ്കൽപവും മുന്തിരിത്തോട്ടം പാട്ടത്തിനു നൽകി ഉടമസ്ഥൻ വിദൂരദേശത്തേയ്ക്കു പോകുന്ന പാലസ്തീനായിലെ സാധാരണ ജീവിതസാഹചര്യവും സമന്വയിപ്പക്കുന്നതാണ് ഈ ഉപമയുടെ പശ്ചാത്തലം. സാധാരണഗതിയിൽ മുന്തിരിച്ചെടികൾ വേരുപിടിച്ച് കരുത്തോടെ വളരുന്നുവെന്ന് ഉറപ്പു വരുത്തിയശേഷം മൂന്നാം വർഷമാണ് യജമാനൻ തോട്ടം പാട്ടക്കാരെ ഏൽപിക്കുന്നത്. യജമാനന് വിശ്വാസമുള്ളതുകൊണ്ടാണ് തോട്ടം അവരെ ഏൽപിക്കുന്നത്. എന്നാൽ, ഉപമയിലെ തൊഴിലാളികൾ തങ്ങളുടെ ആദ്യ വിശ്വസ്തതയ്ക്ക് കോട്ടം വരുത്തിയവരാണ്. അതായത്, തോട്ടം നട്ടുപിടിപ്പിക്കാനുള്ള കഷ്ടപ്പാടുകളത്രയും അനുഭവിച്ച യജമാനനെ ശത്രുവിനെപ്പോലെ കരുതുന്ന കൃഷിക്കാരുടെ അഹന്തയും, അദ്ധ്വാനിക്കാതെ ജീവിതം ആഘോഷമാക്കാനുള്ള മനസ്സിന്റെ വിങ്ങലും, എല്ലാം വെട്ടിപ്പിടിക്കാനും സ്വന്തമാക്കാനുമുള്ള അടങ്ങാത്ത ആർത്തിയുമെല്ലാം ഈ ഉപമ വ്യക്തമാക്കിത്തരുന്നുണ്ട്.

അഹന്ത അന്തകനാണെന്നും, ആർത്തി ആപത്തിലേയ്ക്കാണെന്നുമുള്ള സമാനമായ ആശയമാണ് ആദ്യത്തെ രണ്ടു വായനകളും പറഞ്ഞുതരുന്നത്. ഒരു ഭാഷ പല ഭാഷകളായ കഥ; സ്വന്തം ഗ്ലാമറും ഗ്ലോറിയും തേടി ചിതറിപ്പോയവരുടെ കഥ. ദൈവത്തെ മറന്ന് പണിതിട്ടും പണി തീരാതെപോയ ബാബേൽ ഗോപുര കഥ. ദൈവം അഹങ്കാരികളെ അന്നും ഇന്നും പ്രോത്സാഹിപ്പിക്കുന്നില്ല എന്ന് പറഞ്ഞുവയ്ക്കുകയാണ് ഉൽപത്തി പുസ്തകത്തിൽ നിന്നുള്ള ആദ്യ വായനയിൽ. ജറീക്കോയിൽ നിന്നും ഒന്നും എടുക്കരുതെന്ന കർത്താവിന്റെ കൽപന ലംഘിച്ച്, നിഷിദ്ധമായത് സ്വന്തമാക്കി ആപത്ത് വിളിച്ചുവരുത്തിയ ആഖാൻ എന്ന വ്യക്തിയുടെ പതനകഥയാണ് രണ്ടാം വായനയിൽ നാം ശ്രവിച്ചത്.

പ്രിയസഹോദരങ്ങളേ, ആൾബലവും കൈക്കരുത്തുമല്ല വിശുദ്ധിയാണ് ബലമെന്നും ആയുധമെന്നും 'ആയ്' പട്ടണത്തിന്റെ കഥ ഓർമ്മപ്പെടുത്ത

മ്പോൾ, ആർത്തി വ്യക്തികളെ വസ്തുവാക്കി മാറ്റുമെന്നും ആപത്തിലേയ്ക്ക് തള്ളിയിടുമെന്നുമുള്ള സത്യം ആഖാന്റെ കഥ പറഞ്ഞുവയ്ക്കുന്നു. അങ്ങനെയെങ്കിൽ റോമാ ലേഖനം 8-ാം അദ്ധ്യായത്തിൽ വായിച്ചുകേട്ടതു പോലെ ചിതറാതിരിക്കാനും ചിതറിക്കപ്പെടാതിരിക്കാനും, തകരാതിരിക്കാനും തകർക്കപ്പെടാതിരിക്കാനും ഞാനും നിങ്ങളും ദൈവത്തിന്റെ മക്കളാണെന്ന അവബോധം എപ്പോഴും കാത്തു സൂക്ഷിക്കണമെന്നുള്ള ഒരു ഓർമ്മപ്പെടുത്തൽ നമുക്ക് നൽകുന്നുണ്ട്.

സുവിശേഷഭാഗത്തിലേയ്ക്ക് വരുമ്പോൾ, മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ നാട്ടുനടപ്പനുസരിച്ചുള്ള ന്യായമായ വേതനത്തിനാണ് തോട്ടം കൃഷിക്കാരെ ഏൽപിച്ചത്. വിളവിന്റെ തോതനുസരിച്ച് തങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യതയും അവർക്കുണ്ടായിരുന്നു. എന്നാൽ, അദ്ധ്വാനിച്ച് സമ്പാദിക്കാൻ തയ്യാറല്ലാതിരുന്ന കൃഷിക്കാർ കണ്ടെത്തിയ മാർഗ്ഗം, എല്ലാ സൗകര്യങ്ങളും ഒരുക്കിത്തന്ന് തങ്ങളെ വിശ്വസിച്ച യജമാനനെ തന്നെ ഇല്ലാതാക്കി തോട്ടം തങ്ങളുടെ സ്വന്തമാക്കുക എന്നുള്ളതായിരുന്നു. മുന്തിരിത്തോട്ടം സ്വന്തമാക്കിയാൽ പിന്നെ കഷ്ടപ്പെട്ട് അദ്ധ്വാനിക്കേണ്ടതില്ല, വേറെ ഏതെങ്കിലും കൃഷിക്കാർക്ക് തോട്ടം പാട്ടത്തിനു കൊടുത്ത് ഉടമസ്ഥതയുടെ ഓഹരിയായി ധാരാളം പണം സമ്പാദിച്ച് ജീവിതം ആഘോഷിക്കാനുള്ള ശ്രമമാണ് കൃഷിക്കാർ നടത്തിയത്. ജീവിതം ആഘോഷമാക്കാൻ, കഷ്ടപ്പെടാൻ തയ്യാറാകാതെ സ്വന്തബന്ധങ്ങളെയും ധാർമ്മികമൂല്യങ്ങളെയും കാറ്റിൽപ്പറത്തി എളുപ്പമാർഗ്ഗത്തിലൂടെ പണം സമ്പാദിക്കാൻ ശ്രമിക്കുന്ന ഇന്നിന്റെ ജീവിതയാഥാർത്ഥ്യങ്ങളിലേയ്ക്കുള്ള ഒരു വിരൽചൂണ്ടൽ കൂടിയാണ് ഈ ഉപമ. നീതിയും ന്യായവുമനുസരിച്ച് നേരായ വഴിയിലൂടെ ഉത്തരവാദിത്വം നിറവേറ്റി സന്തോഷത്തോടെ ജീവിക്കേണ്ടതിനു പകരം അദ്ധ്വാനിക്കാൻ തയ്യാറാകാതെ എളുപ്പമാർഗ്ഗത്തിൽ സമ്പന്നരാകാനുള്ള ഉപമയിലെ കൃഷിക്കാരുടെ പ്രവണത നമ്മുടെ ചുറ്റുവട്ടങ്ങളിലും നമുക്കിടയിലും വർദ്ധിച്ചുവരുന്നുണ്ട്. സമ്പത്തിനും സ്വന്തം ജീവിതഭദ്രതയ്ക്കും വേണ്ടി ഏത് നീചമായ പ്രവർത്തിയും ചെയ്യാൻ മടിക്കാത്തവരായി ക്രിസ്ത്യാനികളായ നമ്മൾ പോലും മാറി എന്നുള്ളതിന് ഇന്നത്തെ പത്രമാധ്യമങ്ങൾ തെളിവാണ്. അതുകൊണ്ട് പണവും സമ്പാദ്യവുമൊന്നും വേണ്ടെന്നല്ല, മറിച്ച് നേരായ മാർഗ്ഗത്തിലൂടെ സമ്പാദിക്കുക, അവകാശപ്പെട്ടതു മാത്രം സ്വന്തമാക്കുക, അപരന്റേത് ആഗ്രഹിക്കാതിരിക്കുക. ജീവിതത്തിൽ സന്തോഷവും സംതൃപ്തിയും അനുഭവിക്കണമെങ്കിൽ വിജയത്തേക്കാളുപരി വിശ്വസ്തതയാണ് നാം കാംക്ഷിക്കേണ്ടത്. അതുകൊണ്ട് വിശ്വസ്തരായിരിക്കുക. നമ്മെ സൃഷ്ടിച്ച ദൈവത്തോട്, നമ്മെ ഏൽപിച്ച ഉത്തരവാദിത്വങ്ങളോട്, നമ്മോടു തന്നെ വിശ്വസ്തരായിരിക്കുക.

ഫ്രഞ്ച് ശാസ്ത്രജ്ഞനും ദർശകനുമായ പാസ്കലിന്റെ വാക്കുകൾ ശ്രദ്ധേയാണ്: ''എല്ലാ മനുഷ്യരുടെയും ഉള്ളിൽ ഒരു ശൂന്യാന്തരാളമുണ്ട്. സൃഷ്ടിക്കപ്പെട്ട വസ്തുക്കൾ കൊണ്ട് അത് നിറയ്ക്കുക സാധ്യമല്ല. പ്രത്യുത, സ്രഷ്ടാവായ ദൈവത്തെക്കൊണ്ടു മാത്രമേ ആ ശൂന്യത നികത്താനാകൂ.'' സ്രഷ്ടാവായ ദൈവത്തെക്കൊണ്ട് നമ്മുടെ ഹൃദയങ്ങൾ നിറയ്ക്കണം. അല്ലെങ്കിൽ, നമ്മുടെ ജീവിതങ്ങൾ പലരും തട്ടിയെടുക്കാനും വെട്ടിപ്പിടിക്കാനും ആർത്തിപൂണ്ട് പരക്കം പാച്ചിൽ ആയിരിക്കും. അതുകൊണ്ടാണല്ലോ സകലവിധ സുഖങ്ങളുടെയും പിന്നാലെ പോയി നിരാശനായ വി. അഗസ്റ്റിൻ ഇപ്രകാരം പ്രാർത്ഥിച്ചത്: ''ദൈവമേ, അങ്ങേയ്ക്കു വേണ്ടി ഞങ്ങളെ സൃഷ്ടിച്ചിരിക്കുന്നു. അങ്ങയെ കണ്ടെത്തുന്നതുവരെ ഞങ്ങളുടെ ഹൃദയം അസ്വസ്ഥമായിരിക്കുന്നു.''

''എന്റെ മുന്തിരിത്തോട്ടത്തിനു വേണ്ടി ഞാൻ ചെയ്തതിലധികം എന്താണ് ചെയ്യേണ്ടിയിരുന്നത്?'' ഒത്തിരി വേദനയോടെ ദൈവം ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിലൂടെ ചോദിക്കുന്ന ഒരു ചോദ്യം. ദൈവം ചെയ്ത തെറ്റ്, നമ്മെ വിശ്വസ്തരായി കണ്ടു എന്നുള്ളതാണ്. കാര്യസ്ഥതയുടെ കണക്ക് ഏൽപിക്കണമെന്ന് അവിടുന്ന് ആഗ്രഹിച്ചു എന്നതാണ്. ദൈവം നമ്മെ വിശ്വസ്തരായി കണ്ടത് നമ്മുടെ ഉള്ളിൽ നന്മയുടെയും വിശ്വസ്തതയുടെയും ഒരു നുറുങ്ങുവെട്ടം ഇന്നും കെടാതെ നാം സൂക്ഷിക്കുന്നതുകൊണ്ടാണ്.

അതുകൊണ്ട് പ്രിയമുള്ളവരേ, ദാനമായി ലഭിച്ചത് സ്വന്തമാക്കാനുള്ള ആഗ്രഹങ്ങൾക്കിടയിൽ, എല്ലാം വെട്ടിപ്പിടിക്കാനുള്ള ശ്രമങ്ങൾക്കിടയിൽ ആ നന്മയുടെ വെളിച്ചം തല്ലിക്കെടുത്താതിരിക്കാം. അതുകൊണ്ട് ഈ നോമ്പുകാലം ഒരു ഉണർത്തുപാട്ടായി മാറട്ടെ. ആദ്യമായി സത്യബോധം ഉണരണം. രണ്ടാമതായി, കാര്യസ്ഥതയുടെ കണക്കേൽപിക്കാൻ കടമയുള്ളവരാണെന്ന ബോധ്യം. അവസാനമായി, പാരസ്പര്യത്തിന്റെ കൊടുക്കൽ-വാങ്ങലുകളാൽ ജീവിതം ധന്യമാക്കേണ്ടവരാണെന്നുള്ള ബോധ്യം. വിശ്വസ്തതയും വസ്തുക്കളുടെ കാര്യസ്ഥതയും അപരനോടുള്ള കാരുണ്യവും നിങ്ങളുടെയും എന്റെയും ജീവിതപ്രമാണമായി മാറുമ്പോൾ ദൈവം ആഗ്രഹിക്കുന്ന ഉപവാസത്തിന്റെയും നോമ്പിന്റെയും അർത്ഥതലങ്ങൾ നമ്മിൽ പൂർണ്ണമാകും. അതിനുള്ള കൃപയ്ക്കായി ഈ വിശുദ്ധ ബലിയിൽ നമുക്ക് പ്രാർത്ഥിക്കാം.